(സി&ഡി) ഈ വിഷയത്തിൽ തീരദേശ പരിപാലന സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രിക്ക് 4-11-2010-ൽ വിശദമായ കുറിപ്പ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കുറിപ്പിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ) ഈ പദ്ധതിക്ക് സർക്കാർ ഏജൻസികൾ ഒന്നും തന്നെ അന്തിമ അനുമതി നൽകിയിട്ടില്ല.

കേന്ദ്ര സഹായത്തോടെ സംസ്ഥാനം നടപ്പാക്കുന്ന വ്യവസായ പദ്ധതികൾ

191(698) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുവായ വ്യവസായവികസനത്തിന് കേന്ദ്രസർക്കാരിന്റെ സഹകരണത്തോടെ ഈ സർക്കാർ ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ ;

(ബി) ഇത്തരം സംയുക്തസംരംഭങ്ങളിലൂടെ എന്തുമാത്രം കേന്ദ്ര വ്യവസായനിക്ഷേപം സംസ്ഥാനത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇനിയും ഇത്തരം ഏതൊക്കെ പദ്ധതികളാണ് കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ സാമ്പത്തികവർഷം ഇവയിൽ ഏതൊക്കെ സംരംഭങ്ങളുടെ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് എന്നിവയുടെ യൂണിറ്റുകൾ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി. പദ്ധതികളുടെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ യഥാക്രമം 60 കോടി, 11 കോടി, 250 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റിന്റെയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെയും സൗകര്യങ്ങൾ ഉപയോഗിച്ച് ഇൻഡ്യൻ റെയിൽവേയുമായി സഹകരിച്ച് സംയുക്ത മേഖലയിൽ ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. ടെൽക്ക്-എൻ.ടി.പി.സി. സംയുക്ത സംരംഭത്തിൽ 31.34 കോടി രൂപയുടെ നിക്ഷേപവും, കെൽടെക്ക് ബ്രഹ്മോസ് ഏറോസ്പേസിനു കൈമാറിയതുവഴി ഡി.ആർ.ഡി.ഒ. 50 കോടി രൂപയുടെയും ഐ.എസ്.ആർ.ഒ. 15 കോടി രൂപയുടെയും നിക്ഷേപം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുണ്ട്. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡുമായുള്ള സംയുക്ത സംരംഭത്തിൽ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന് 'Working Capital advance' ആയി 5 കോടി രൂപയും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ് നൽകിയിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെല്ലിന്റെ കാസർഗോഡ് യൂണിറ്റും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിന് MOU-ൽ ഏർപ്പെടുകയും കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള നടപടിയും, കോഴിക്കോട് ബേപ്പൂരിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിൽ 'നിർദ്ദേശ്' (National Institute for Research & Development in Defence Shipbuilding-NIRDESH) സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ഈ പദ്ധതികളെല്ലാം പൂർത്തിയായാൽ മാത്രമേ ഇവ മൂലമുണ്ടാകുന്ന നിക്ഷേപത്തെക്കുറിച്ച് വ്യക്തത കൈവരികയുള്ളൂ.

ഏതാണ്ട് 30 വർഷങ്ങൾക്കുശേഷം ആദ്യമായി കാര്യമായ പൊതുമേഖലാ നിക്ഷേപങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

192(899) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ;

(ബി) ഇവ ഓരോന്നിനും എത്ര കോടി രൂപ മുതൽമുടക്കാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം ത്വരിത പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) ഇവ പൂർണ്ണമായും പ്രവർത്തിച്ച് തുടങ്ങുമ്പോൾ എത്രപേർക്ക് പുതുതായി ജോലി ലഭിക്കും എന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനരീതികൾ വിശദീകരിക്കുമോ ;

(ഇ) ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങൾ അവയുടെ മിച്ചഫണ്ട്, ഫാക്ടറിയുടെ നവീകരണത്തിനും വിപുലീകരണത്തിനും ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പുതിയതായി ആരംഭിക്കുന്ന യൂണിറ്റുകളും അവയുടെ മുതൽമുടക്കിന്റെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly